കുന്ദമംഗലം നിയോജകമണ്ഡലത്തിലെ റോഡുകൾ ഏറ്റെടുക്കുന്ന നടപടി

1373. [1962] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ താഴെ പറയുന്ന റോഡുകൾ ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എത്രത്തോളമായെന്ന് വ്യക്തമാക്കുമോ:

(1) മണാശ്ശേരി— മുത്താല, മുത്തേരി കല്ലുരുട്ടി റോഡ്

(2) തെങ്ങിലക്കടവ്—കൺണ്ടിപറമ്പ—ചിറ്റാരി പിലാക്കൽ - ചേന്ദമംഗലൂർ റോഡ്

(3) പെരുവയൽ— പള്ളിക്കടവ് റോഡ്

(4) വേങ്ങേരിമഠം—കൂളിമാട് റോഡ്

ഉത്തരം

സാമ്പത്തിക പരിമിതികൾ കാരണം എം. എൽ. എ. മാരുടെ രണ്ടു റോഡു പദ്ധതിയിൽ പെടാത്ത കൂടുതൽ റോഡുകൾ ഏറ്റെടുക്കുന്നതിന് തൽക്കാലം ബുദ്ധിമുട്ടുണ്ടെന്നതിനാൽ ഈ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികളിൽ പറയത്തക്ക പുരോഗതിയൊന്നുമില്ല.

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ റോഡുകളുടെ പണി

1374. [1963] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ താഴെ പറയുന്ന റോഡുകളുടെ പണി എത്രത്തോളമായെന്ന് വ്യക്തമാക്കുമോ ?

(1) മണാശ്ശേരി, ചേന്ദമംഗലൂർ, കൂളിമാട് മാവൂർ റോഡ്

(2) ഓമശ്ശേരി—പാത്തമംഗലം റോഡ്

(3) മൂഴിക്കൽ—ചെറുവാറ—മുല്ലശ്ശേരി കരുവെട്ടൂർ റോഡ്

(4) കുറ്റിക്കാട്ടൂർ—പെരങ്ങളം—കുന്ദമംഗലം റോഡ്

(5) മാങ്കാവ്—കണ്ണിപ്പറമ്പ് റോഡ്

(6) പൊറ്റമ്മൽ—പുത്തൂർ മഠം റോഡ്

(7) കൊടുവള്ളി—ആർ. ഇ. സി. റോഡ്

ഉത്തരം

(1) സോളിംഗും മെറ്റലിംഗും പൂർത്തിയായിട്ടുണ്ട്. ടാറിംഗ് പണി ആരംഭിച്ചിട്ടുണ്ട്.

(2) സോളിംഗും മെറ്റലിംഗും പൂർത്തിയായിട്ടുണ്ട്. ടാറിംഗ് പണി ആരംഭിച്ചിട്ടുണ്ട്.

(3) എസ്റ്റിമേറ്റ് തയ്യാറായിട്ടേയുള്ളു.

(4) പണി കരാർ കൊടുത്തു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly